"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2011-12 കാലയളവിൽ അഴുത ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഭവനരഹിതരായവർക്ക് ധനസഹായം നല്കിയതിലെ ക്രമക്കേടിനുത്തരവാദിയായ മുൻ ബി.ഡി.ഒ ശ്രീ.പി.എസ്.ജയകുമാർ-ന് എതിരെ സ്വീകരിച്ച അച്ചടക്ക നടപടി -അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1371/2025/LSGD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.01.2015 തീയതിയിലെ ഇ6(വി 1/13/ഐ.ഡി.കെ)2927/2013 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മിഷണർ സമർപ്പിച്ച 26.02.2016-ലെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്
3. ഇടുക്കി അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണറുടെ 19.12.2018 തീയതിയിലെ D2/2057/15/ADC/Idukki നമ്പർ കത്ത്
4. 22/01/2019-ലെ സ.ഉ (സാധാ) നം.118/2019/തസ്വഭവ നമ്പർ ഉത്തരവ്.
5. ശ്രീ.ജയകുമാർ.പി.എസ് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 30.01.2019-ലെ അപ്പീൽ ഹർജി.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ 2011-12 കാലയളവിൽ നടപ്പിലാക്കിയ "ഇന്ദിര ആവാസ് യോജന" ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഭവനരഹിതരായവർക്ക് ധനസഹായം നല്കിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഏഴ് പേർക്ക് വ്യാജരേഖ ചമച്ച് ധനസഹായം നൽകിയത് വഴി സർക്കാരിന് 1,65,000/-രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടായതായി കണ്ടെത്തുകയും, പ്രസ്തുത ക്രമക്കേടിനുത്തരവാദികളായ മുൻ ബി.ഡി.ഒ ശ്രീ.പി.എസ്.ജയകുമാർ, മുൻ ജോയിന്റ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ശ്രീ.വി.ജി.വിശ്വനാഥൻ, മുൻ വി.ഇ.ഒ ശ്രീ.എ.സി.മനോജ് എന്നിവർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുവാനും പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത പദ്ധതി പ്രകാരം ആകെ 21 അനർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും, ഇതിൽ അനർഹരായ രണ്ട് ഗുണഭോക്താക്കൾ തിരികെ അടച്ച തുക കിഴിച്ചുള്ള ആകെ നഷ്ടതുക 18,79,875 രൂപയാണെന്ന് പരാമർശം (2) പ്രകാരമുള്ള പ്രാഥമിക

അന്വേഷണ റിപ്പോർട്ടിലും, ടി തുകയിൽ ശ്രീ. പി.എസ്. ജയകുമാറിന്റെ ബാധ്യത 7,09,959/- രൂപയാണെന്ന് പിന്നീട് ഗ്രാമവികസന കമ്മീഷണർ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന്, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ പെൻഷനിൽ നിന്നും 500/- രൂപ പ്രതിമാസം സ്ഥിരമായി കുറവ് ചെയ്യുന്നതിനും ടിയാന്റെ ബാദ്ധ്യത തുകയായ 7,09,959/- രൂപ, തുക കൈപ്പറ്റിയ അനർഹരായ ഗുണഭോക്താക്കളിൽ നിന്നും ആറുമാസത്തിനകം ഈടാക്കുവാൻ സാധിക്കാത്ത പക്ഷം ടിയാനിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനും ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം തീർപ്പാക്കിയിരുന്നു.

31.10.2013-ൽ വിരമിക്കുന്നതിന് മുൻപ് ഒന്നര വർഷക്കാലം പൂർണ്ണമായ ശമ്പളം ലഭിക്കാതിരുന്നതിനാലും വിരമിച്ച ശേഷം അഞ്ച് വർഷക്കാലമായി വിരമിക്കൽ ആനുകൂല്യങ്ങളും മറ്റും ലഭിക്കാത്തതിനാൽ ഇടക്കാല പെൻഷനെ മാത്രം ആശ്രയിച്ച് സാമ്പത്തിക ദുരിതത്തിൽ കഴിയുന്നതിനിടയിൽ കുടുംബത്തിന്റെ ഏക ആശ്രയമായ തന്റെ പേരിൽ മേൽ നടപടി കൂടി എടുക്കുന്നത് തന്റെ കുടുംബത്തിനെ സാരമായി ബാധിക്കുമെന്നും കടുത്ത പ്രമേഹത്തിനും അപസ്മാര രോഗത്തിനും ചികിത്സയ്ക്ക് വിധേയനായ തന്റെ ശേഷിച്ച ജീവിതം നിത്യദുരിതത്തിലാകുമെന്നതിനാൽ മേൽ അച്ചടക്ക നടപടി പുനപരിശോധിക്കണമെന്നും, മേൽ ക്രമക്കേടുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന 2012 ഏപ്രിൽ 28 മുതൽ 2013 ഒക്ടോബർ 31 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകിയും അർഹമായ ഡി.സി.ആർ.ജി-യും മറ്റ് എല്ലാ ആനുകൂല്യങ്ങളും തടസ്സം കൂടാതെ ലഭ്യമാക്കണമെന്നും പരാമർശം (5) പ്രകാരം ടിയാൻ അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ യഥാവിധി പാലിച്ചാണ് ധനസഹായഗഡുക്കൾ വിതരണം ചെയ്തതെന്നും തെറ്റായി ധനസഹായം അനുവദിച്ചതിന് പൂർണ്ണ ഉത്തരവാദിത്വം വില്ലേജ് എക്സ്റ്റൻ ഓഫീസർക്കും ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്കുമാണെന്നും ഇവർ കൈക്കൂലി വാങ്ങി മാനദണ്ഡം ലംഘിച്ച്കൊണ്ടാണ് ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് ധനസഹായത്തിന് ശുപാർശ ചെയ്തതെന്നും, കീഴുദ്യോഗസ്ഥർ ശിപാർശ ചെയ്താൽ അത് അംഗീകരിക്കുകയാണ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ ചുമതലയെന്നും അത് മാത്രമേ താൻ ചെയ്തിട്ടുള്ളൂവെന്നും അപേക്ഷ ശുപാർശ ചെയ്ത് വന്നാൽ ആദ്യ ഗഡു ഒരു പരിശോധനയും നടത്താതെ ബി.ഡി.ഒ അംഗീകരിക്കുകയാണ് ചെയ്യുന്നതെന്നും, തെറ്റായി ശിപാർശ ചെയ്ത കീഴുദ്യോഗസ്ഥരാണ് ധനനഷ്ടത്തിന് ഉത്തരവാദിയെന്നും പ്രസ്തുത അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഹിയറിംഗ് വേളയിൽ ടിയാൻ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനും ധനവിനിയോഗം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ട ഓഫീസറുമായ ടിയാന്റെ അതിപ്രധാന ചുമതലയാണ് പദ്ധതി ലക്ഷ്യം നിറവേറ്റപ്പെടുന്നുണ്ടെന്നും പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും ഇതിനായി കീഴുദ്യോഗസ്ഥരുടെ സേവനം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയും ആയതിൽ ടിയാൻ യഥാസമയം ഇടപെടുകയും ചെയ്യേണ്ടതുണ്ടെന്നും ഇക്കാര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായി എന്ന് മേൽ ക്രമക്കേടുമായി ബന്ധപ്പെട്ട് മുൻ ബി.ഡി.ഒ ശ്രീ. പി. എസ്. ജയകുമാറിന്റെ മറുപടിയിൽ പരാമർശം

(3) പ്രകാരം ഇടുക്കി അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ധനവിനിയോഗത്തിന് മുൻപ് പാലിക്കേണ്ട പ്രക്രിയയായ ലഭ്യമായ രേഖകൾ പരിശോധിക്കുക എന്ന ഡ്യൂട്ടി കൃത്യമായി ചെയ്തിട്ടില്ല എന്നും കീഴുദ്യോഗസ്ഥർ നടത്തുന്ന ഫീൽഡ് പരിശോധന കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ ബി.ഡി.ഒ-യും നിശ്ചിത ശതമാനം ഫീൽഡ് സന്ദർശിക്കേണ്ടതും കീഴുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. യഥാസമയത്താണോ പണം അനുവദിക്കുന്നത് എന്നും ആയതിലേയ്ക്കായുള്ള എല്ലാ നടപടിയും പാലിച്ചിട്ടുണ്ടോ എന്നും അറിയുവാൻ ശ്രമിക്കാതെ, തന്റെ മുൻപിൽ വന്ന രേഖകളിൽ യാതൊരു പരിശോധനയുമില്ലാതെ തുക അനുവദിച്ചു എന്നും അറിയിച്ചിരുന്നു. വിജിലൻസ് റിപ്പോർട്ടിലെ സാക്ഷി മൊഴികളിൽ നിന്ന് ടിയാൻ കാര്യപ്രാപ്തിയുള്ള സെക്രട്ടറിയായിരുന്നില്ലയെന്നും രജിസ്റ്ററുകൾ ആവശ്യപ്പെട്ടാൽ യഥാസമയത്ത് നൽകാറില്ലായിരുന്നുവെന്നും കൃത്യമായി ഓഫീസിൽ എത്താറില്ലായിരുന്നുവെന്നും, അനർഹർക്ക് നൽകിയ പണം തിരിച്ച്പിടിക്കുന്നതിന് നടപടികളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല തുടങ്ങിയ കുറ്റങ്ങളാണ് മേൽ അച്ചടക്ക നടപടിയ്ക്ക് ആധാരമായി ടിയാനെതിരെ കണ്ടെത്തിയിരുന്നത്.

നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചാണ് ധനസഹായം നൽകിയതെന്നും, അനർഹർക്ക് നൽകിയ പണം തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെന്നും, കുറ്റപത്രം നാളിത് വരെയായി തനിയ്ക്ക് നൽകിയിട്ടില്ലെന്നും, തന്റെ നിരപരാധിത്വം വ്യക്തമാക്കുന്നതും ഉത്തരവാദിത്വം നിറവേറ്റിയതുമായുള്ള തന്റെ കൈവശമുള്ള എല്ലാ രേഖകളും തെളിവുകളും മറുപടിയിലും ഹിയറിംഗ് വേളയിലും കൃത്യമായി ഹാജരാക്കിയിട്ടും നീതിരഹിതമായ രീതിയിലാണ് അച്ചടക്ക നടപടികൾ തീർപ്പാക്കിയത് എന്നുമുള്ള അപ്പീലിലെ വാദങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകി മറുപടി വാങ്ങിയും, ഹിയറിംഗിൽ ടിയാന്റെ ഭാഗം വിശദമായി കേട്ടതിന് ശേഷം ടിയാൻ ഹാജരാക്കിയ രേഖകളും, ബന്ധപ്പെട്ട മേൽ ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ടിയാന് ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നത് എന്നതിനാൽ കുറ്റപത്രം നൽകിയിട്ടില്ലയെന്ന പരാതിയും രേഖകളും തെളിവുകളും ഹാജരാക്കിയിട്ടും നീതി ലഭിച്ചില്ല എന്ന അപ്പീലിലെ വാദവും നിലനിൽക്കുന്നതല്ല. അനർഹർക്ക് നൽകിയ പണം തിരിച്ച്പിടിക്കുന്നതിന് നടപടികളൊന്നും ടിയാൻ സ്വീകരിച്ചിട്ടില്ലെന്ന് ഹിയറിംഗ് ഓഫീസർ തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതിനാലും, ധനവിനിയോഗത്തിന് മുൻപ് പാലിക്കേണ്ട പ്രക്രിയയായ ലഭ്യമായ രേഖകൾ പരിശോധിക്കുക എന്ന ഡ്യൂട്ടി കൃത്യമായി ചെയ്തിട്ടില്ല എന്ന് ഇടുക്കി എ.ഡി.സി(ജനറൽ)യുടെ റിപ്പോർട്ടിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതിനാലും, തന്റെ ഭാഗം ന്യായീകരിക്കുന്നതിനായി പുതുതായി യാതൊരു കാര്യങ്ങളും ടിയാൻ അപ്പീലിൽ ഉന്നയിച്ചിട്ടില്ലാത്തതിനാലും പരാമർശ ഉത്തരവ് പ്രകാരം തീർപ്പാക്കിയിരിക്കുന്ന അച്ചടക്ക നടപടിയിലെ ശിക്ഷയിൽ നിന്ന് ഒഴിവാക്കണമെന്ന പരാമർശം (5) പ്രകാരമുള്ള അപ്പീലിലെ ടിയാന്റെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 03-06-2025 16:57:16
സെക്ഷൻ ഓഫീസർ

1) ശ്രീ.ജയകുമാർ പി എസ് മുൻ അഴുത ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, പാറപ്പലിൽ വീട്,കാവുംഭാഗം (പി. ഒ) തെക്കേഞ്ഞുകവല,കോട്ടയം

2) പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ് തിരുവനന്തപുരം

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

4) വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്

5) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ